No. 105/2015

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും സഹപട്ടക്കാരും ദേശത്തുപട്ടക്കാരും പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

ഏറെ ഹൃദയവേദനയോടെയാണ് നാം ഇതെഴുതുന്നത്. കഴിഞ്ഞയാഴ്ച നേപ്പാളിലും ഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിലും ഉണ്ടായ ഭൂചലനത്തിൽ ആയിരക്കണക്കിനാളുകൾക്ക് ജീവൻ നഷ്ടപ്പെടുകയും ലക്ഷക്കണക്കിന് ആളുകൾ ഭവനരഹിതരാവുകയും ദുരിതപൂർണ്ണമായ ജീവിതാവസ്ഥയിലേക്ക് മാറ്റപ്പെടുകയും ചെയ്ത സാഹചര്യം ലോകമന:സാക്ഷിയെ ഏറെ ഞെട്ടിപ്പിച്ചിരിക്കുന്നു എന്ന വസ്തുത നാം മനസ്സിലാക്കണം. ക്രിസ്തു ശരീരമായ പരിശുദ്ധ സഭയും അതിന്റെ മക്കളും ഈ ദുരന്തത്തിൽ അവരോടൊപ്പം ഏറെ ദു:ഖിക്കുന്നു. ഭൂകമ്പത്തിനിരയായവരുടെ വേദനകൾ മാറ്റുവാൻ പര്യാപ്തമായ കർമ്മപരിപാടികൾ ഏറ്റെടുത്ത് ഫലപ്രദമായ രീതിയിൽ നടപ്പിലാക്കേണ്ടത് നമ്മുടെ സാക്ഷ്യവും കടമയുമാണ് എന്ന് നാം ഓർമ്മപ്പെടുത്തുന്നു. ആയതിനായി മലങ്കരസഭയുടെ മിഷൻ ബോർഡിന്റെയും ഡൽഹി മെത്രാസനത്തിന്റെയും ചുമതലയിൽ പരിശുദ്ധ സഭയുടെ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മുന്നോട്ട് കൊണ്ടുപോകുന്നതിനാണ് ആഗ്രഹിക്കുന്നത്. ഇതിലേക്ക് നമ്മുടെ മുഴുവൻ ഇടവകകളുടേയും സഹകരണവും സഹായവും നാം ആവശ്യപ്പെടുകയാണ്. 2015 മെയ് മാസം 3-ാം തീയതി ഞായറാഴ്ച ഈ വിഷയം എല്ലാ ഇടവകകളിലും അവതരിപ്പിച്ച്, 10-ാം തീയതി ഞായറാഴ്ച ഒരു പ്രത്യേക കാണിക്ക ശേഖരണം നടത്തി പ്രസ്തുത തുക 2015 മെയ് 31-ാം തീയതിക്കുമുമ്പായി നമ്മുടെ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായുടെ പേർക്ക് **പ്രസിഡണ്ട്, സെന്റ് പോൾസ് മിഷൻ, സെന്റ് പോൾസ് എം. റ്റി. സി, മാവേലിക്കര- 3, കേരള** എന്ന വിലാസത്തിൽ അയച്ചുകൊടുക്കണം. ഭാരതത്തിന് പുറത്ത് പരിശുദ്ധ സഭയുടെ ചുമതലയിൽ ഈ ആവശ്യത്തിലേക്കായി നടത്തപ്പെടുന്ന ഫണ്ട് ശേഖരണം എകോപിപ്പിക്കുന്നതിനായി ഐക്കൺ ചാരിറ്റീസിനെയും സഭാ മാനേജിംഗ് കമ്മറ്റി അംഗമായ കുളഞ്ഞിക്കൊമ്പിൽ ശ്രീ. ജേക്കബ് മാത്യുവിനെയും നാം ചുമതലപ്പെടുത്തിയിട്ടുള്ള വിവരവും ഈ കൽപനയിലൂടെ നാം അറിയിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

2015 ഏപ്രിൽ മാസം 29 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.